"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി വിനയബിന്ദു.കെ-യുടെ ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.37/2024/LSGD   തീയതി,തിരുവനന്തപുരം, 04-01-2024

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ ഉത്തരവ്.
3. ശ്രീമതി.വിനയബിന്ദു കെ യുടെ 24.09.2022-ലെ അപേക്ഷയും ബില്ലുകളും.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.08.2023- ലെ LSGD/PD/7145/ 2023 - DEG2 നമ്പർ കത്ത്.
5. ചെമ്മനാട്ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.09.2022-ലെ 11/(1) നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.05.2023-ലെ (എൽ.ഡിസ്) എം.ആർ 3-/ 53667/2022/ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.വിനയബിന്ദു.കെ-യുടെ ചികിത്സയ്ക്ക് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചികിത്സായിനത്തിൽ ചെലവായ തുകയിൽ അനുവദനീയമായ 1,49,677/- രൂപയുടെ 80% ആയ 1,19,742/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി എഴുന്നൂറ്റി നാൽപത്തി രണ്ട് രൂപ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ തുക ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.വിനയബിന്ദു കെ-യുടെ ചികിത്സയ്ക്ക് **29.11.2021** മുതൽ **26.02.2022** വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന 1,49,677/ - രൂപയുടെ 80% ആയ

1,19,742/- രൂപ (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി എഴുന്നൂറ്റി നാൽപത്തി രണ്ട് രൂപ മാത്രം) നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, കാസറഗോഡ്.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, കാസറഗോഡ് ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല.

ശ്രീമതി.വിനയബിന്ദു കെ ,സീനിയർ ക്ലാർക്ക്, ചെമ്മനാട് ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.537/EPA3/2023/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 05-01-2024 10:35:00